## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റി / സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു -

ഉത്തരവ് നം: എസ്റ്റാ -സി1/5717/2017/ കോ.വി.വ തീയതി : 31.05.2017

പരാമർശം :- 1) 17.05.2017-ലെ എസ്റ്റാ.സി1/5717/2017/കോ.വി.വ നമ്പർ ഉത്തരവ്
2) സീനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.
3) 31.03.2017-ലെ നം.സി1/6768/2017/കോ.വി.വ നമ്പർ വിജ്ഞാപനം

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം | ശ്രീ.രാജേന്ദ്രകുമാർ.ഡി 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവ് |
| 2 | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോഴിക്കോട് | ശ്രീ.ഇക്ബാൽ.കെ.ബി 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവ് |
| 3 | ഗവണ്മെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | ശ്രീമതി.ലതികാ കുമാരി.കെ.ആർ 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവ് |

മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള സീനിയർ സൂപ്രണ്ടുമാരെ അപേക്ഷ പരിഗണിച്ച് പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് 01.06.2017.എഫ്.എൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി.സുനിത.ഡബ്ല്യൂ.ജെ, സീനിയർ സൂപ്രണ്ട് ഗവണ്മെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം (അപേക്ഷ) | തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ശ്രീ.രാജേന്ദ്രകുമാർ.ഡി 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ |
| 2 | ശ്രീമതി.ഗീത.റ്റി.ആർ, സീനിയർ സൂപ്രണ്ട് ഗവണ്മെന്റ് കോളേജ്, ആറ്റിങ്ങൽ (അപേക്ഷ) | തിരുവനന്തപുരം ഗവണ്മെന്റ് ആർട്സ് കോളേജ് ശ്രീമതി.സുനിത.ഡബ്ല്യിയൂ.ജെ-യെ സ്ഥലം മാറ്റിയ ഒഴിവിൽ |

GOVERNMENT OF KERALA
321348

| | | |
|---|---|---|
| 3 | ശ്രീമതി.ഹേമലത.എം.എസ്<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, കൊണ്ടോട്ടി<br>(അപേക്ഷ) | ഗവണ്മെന്റ് കോളേജ്, ആറ്റിങ്ങൽ<br>ശ്രീമതി.ഗീത.റ്റി.ആർ-നെ സ്ഥലം<br>മാറ്റിയ ഒഴിവിൽ |
| 4. | ശ്രീ.ശിവൻ.എ,<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, കോടഞ്ചേരി<br>(കോഴിക്കോട് ഗവണ്മെന്റ് ആർട്സ്<br>& സയൻസ് കോളേജിലേയ്ക്ക്<br>സൂചന (1) പ്രകാരം സ്ഥലം<br>മാറ്റപ്പെട്ട) (അപേക്ഷ) | കോഴിക്കോട് കോളേജ് വിദ്യാഭ്യാസ<br>ഡെപ്യൂട്ടി ഡയറക്ടറേറ്റ്<br>ശ്രീ.ഇക്ബാൽ.കെ.ബി, 31.05.2017-ൽ<br>വിരമിച്ച ഒഴിവിൽ |
| 5. | ശ്രീ.മനോജ്.വി.എസ്<br>സീനിയർ സൂപ്രണ്ട്,<br>ഇ.കെ.എൻ.എം.ഗവണ്മെന്റ്<br>കോളേജ്, എളേരിത്തട്ട്<br>(അപേക്ഷ) | കോഴിക്കോട് ഗവണ്മെന്റ് ആർട്സ് &<br>സയൻസ് കോളേജ്<br>ശ്രീമതി.വി.ശകുന്തള സ്ഥലം<br>മാറിപ്പോയ ഒഴിവിൽ |
| 6. | ശ്രീമതി.ജയശ്രീ.സി.എം,<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, മൂന്നാർ<br>(അപേക്ഷ) | തൃപ്പൂണിത്തുറ ഗവണ്മെന്റ് സംസ്കൃത<br>കോളേജിൽ,<br>ശ്രീമതി.കെ.ആർ.ലതികാകുമാരി<br>31.05.2017-ൽ വിരമിച്ച ഒഴിവിൽ |
| 7. | ശ്രീ.ക്രിസ്റ്റി.കെ.ജെ<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, കൊടുവള്ളി<br>(അപേക്ഷ) | മൂന്നാർ ഗവണ്മെന്റ് കോളേജ്<br>ശ്രീമതി.ജയശ്രീ.സി.എം.-നെ സ്ഥലം<br>മാറ്റുന്ന ഒഴിവിൽ |

മേൽ സൂചിപ്പിച്ച സ്ഥലം മാറ്റത്തിനുശേഷം അവശേഷിക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള ജൂനിയർ സൂപ്രണ്ട്മാരെ പേരിനെതിരെ സൂചിപ്പിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് പരാമർശം (3) വിജ്ഞാപന പ്രകാരമുള്ള മുൻഗണനാ ക്രമമനുസരിച്ച് 36600-79200 രൂപ (പ്രീ റിവൈസ്ഡ് 18740-33680/- രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി 01.06.2017.എഫ്.എൻ പ്രാബല്യത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.നാരായണൻകുട്ടി.സി.പി<br>ജൂനിയർ സൂപ്രണ്ട്<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി<br>ഡയറക്ടറേറ്റ്, കോഴിക്കോട് | 10 | കൊണ്ടോട്ടി ഗവണ്മെന്റ് കോളേജ്<br>ശ്രീമതി.ഹേമലത.എം.എസ്-നെ<br>സ്ഥലം മാറ്റിയ ഒഴിവിൽ |

| | | | |
|---|---|---|---|
| 2 | ശ്രീ.സെന്നിച്ചൻ.കെ.പി<br>ജൂനിയർ സൂപ്രണ്ട്<br>ഗവണ്മെന്റ് വിക്ടോറിയ<br>കോളേജ്, പാലക്കാട് | 11 | കൊടുവള്ളി ഗവണ്മെന്റ് കോളേജ്, ശ്രീ.ക്രിസ്റ്റി.കെ.ജെ-യെ സ്ഥലം മാറ്റിയ ഒഴിവിൽ |
| 3 | ശ്രീ.മണികണ്ഠൻ.സി,<br>ജൂനിയർ സൂപ്രണ്ട്<br>ഗവണ്മെന്റ് കോളേജ്,<br>കൊഴിഞ്ഞാമ്പാറ | 12 | എളേരിത്തട്ട് ഇ.കെ.എൻ.എം. ഗവണ്മെന്റ് കോളേജ് ശ്രീ.മനോജ്.വി.എസ്-നെ സ്ഥലം മാറ്റിയ ഒഴിവിൽ |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഡിക്ലറേഷൻ ഫോറം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
എം.എസ്.ജയ.,.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-

1. അക്കൗണ്ടന്റ് ജനറൽ, കോട്ടയം.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
4. സി.എ – ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
5. സൂപ്രണ്ട് സി / ജെ സെക്ഷനുകൾക്ക്
6. കരുതൽ ഫയൽ,
7. നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.ജി:31.05.2017

32321350

GOVERNMENT OF KERALA